**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്**
**പ്രജോ ടവേഴ്സ്, വഴുതക്കാട്**
**തിരുവനന്തപുരം - 14**

നംമ്പർ: ഡിബി1/12721/19/എച്ച്.ആർ.ഡി തീയതി: 06.12.2019

# പരിപത്രം

വിഷയം: ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിൽ ദീർഘകാല, ഹ്രസ്വകാല കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച്.

സൂചന: 30.11.2019, ശനിയാഴ്ച, ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളുടെ പ്രിൻസിപ്പാൾമാരുടെ മീറ്റിംങ്ങിൽ എടുത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ.

ഇന്ന് കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് ഗണ്യമായ സ്ഥാനം വഹിക്കുന്ന സർക്കാർ സ്ഥാപനമാണ് ഐ.എച്ച്.ആർ.ഡി. നമ്മുടെ സ്ഥാപനങ്ങൾ കൂടുതലും കേരളത്തിലെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ തന്നെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് താരതമ്യേന കുറഞ്ഞ ഫീസിലാണ് വിദ്യാർത്ഥികൾക്ക് മികച്ച പഠന സൗകര്യം ഒരുക്കുന്നത്. ഈ സാഹചര്യത്തിൽ സ്ഥാപന നടത്തിപ്പിൽ വരവും ചെലവും തമ്മിൽ വലിയ അന്തരമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരള സർക്കാർ ഐ.എച്ച്.ആർ.ഡിയോട് ഉദാരമായ സമീപനമാണ് കൈക്കൊള്ളുന്നത്. ഈ അവസരത്തിൽ എല്ലാ സ്ഥാപന മേധാവികളും അതാത് സ്ഥാപനങ്ങളിലെ മാനവവിഭവശേഷിയും അടിസ്ഥാന സൗകര്യവും പരമാവധി ഉപയോഗപ്പെടുത്തി പഠനനിലവാരവും അതുവഴി സാമ്പത്തിക നിലവാരവും മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നമ്മുടെ സ്ഥാപനങ്ങളിലെ നിലവിലെ ഭൗതിക സാഹചര്യമനുസരിച്ച് അതാത് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ കർമ്മ പരിപാടികൾ രൂപം നൽകേണ്ടതാണ്. ദീർഘകാല, ഹ്രസ്വകാല കോഴ്സുകൾ, വർക്ക്ഷോപ്പുകൾ, ഗൈഡൻസ് ക്ലാസ്സുകൾ, കോച്ചിംഗ് ക്ലാസ്സുകൾ കൺസൾട്ടൻസി വർക്കുകൾ തുടങ്ങി ഓരോ സ്ഥാപനത്തിന്റേയും സവിശേഷത അനുസരിച്ച് പരിപാടികൾ തിരഞ്ഞെടുക്കാം.

ഈ അവസരത്തിൽ അതാതത് സ്ഥാപനങ്ങളിൽ നടത്തുവാൻ കഴിയുന്ന കോഴ്സുകൾ/ ട്രെയിനിംഗ്/ കോച്ചിംഗ് ക്ലാസ്സുകൾ എന്നിവയുടെ പ്രപ്പോസലുകൾ നിലവിലുള്ള പ്രോഗ്രാമുകളുടെ മാതൃകയിൽ തയ്യാറാക്കി ഒരാഴ്ചക്കകം തന്നെ മടക്ക ഇ -മെയിലിൽ ഈ ഓഫീസിലേക്ക് അയക്കേണ്ടതാണ്.

നമ്മുടെ സ്ഥാപനത്തിന്റെ ഉയർച്ച മനസ്സിൽ കണ്ട് എല്ലാ ജീവനക്കാരുമായും സംവദിച്ച് അഭിപ്രായ രൂപീകരണം നടത്തിയാവണം പ്രപ്പോസലുകൾ രൂപീകരിക്കേണ്ടത്. എല്ലാ ജീവനക്കാരുടെയും പങ്കാളിത്തം ഈ പരിപാടികളിൽ ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്
ഡയറക്ടർ

പകർപ്പ്:

1. എല്ലാ ഐ.എച്ച്.ആർ.ഡി സ്ഥാപനമേധാവികൾക്കും (ഇ.മെയിൽ മുഖാന്തരം)
2. ഐ.എച്ച്.ആർ.ഡി വെബ്സൈറ്റ്
3. എ.ഡി/ഡി.ഡി/എഫ്.ഒ/എഫ്.സി
4. ഐ.എച്ച്.ആർ.ഡിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
5. എസ്സ്.എഫ്/ഒ.സി

അംഗീകാരത്തോടെ

ഡെപ്യൂട്ടി ഡയറക്ടർ